Draft #7 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Aug-2019 12:58 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/AD A 1/AD A 1 തീയതി: 14.08.2019

## <u>സർക്കുലർ</u>

വിഷയം:- ഭരണകാര്യം: സർവ്വകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് ഉദ്ഘാടനം - ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- വൈസ് ചാൻസലറുടെ കാര്യാലയത്തിലെ 08.08.2019 തീയതിയിലെ കുറിപ്പ് നം. വി.സി. 702/02/93/2019.

2019 ആഗസ്റ്റ് 19 -ന് തിങ്കളാഴ്ച രാവിലെ 11.15 മുതൽ 12.30 വരെ സർവ്വകലാശാല അസംബ്ലി ഹാളിൽ വെച്ച് നടക്കുന്ന കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൻറെ ഉദ്ഘാടന ചടങ്ങിന്റെ സുഗമമായി നടപ്പിന് താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. എല്ലാ അദ്ധ്യാപക/ അനദ്ധ്യാപക വിഭാഗം ജീവനക്കാർക്കും ചടങ്ങിൽ പങ്കെടുക്കുന്നതിനായി അനുവാദം നൽകിയിരിക്കുന്നു.
2. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ സമ്മേളനം നടക്കുന്ന പന്തലിലെ ഇരിപ്പിടങ്ങളിൽ രാവിലെ 10.45 ന് മുമ്പായി ഹാജരാകേണ്ടതാണ്.
3. അന്നേ ദിവസം സർവ്വകലാശാല ക്യാമ്പസിൽ വിശിഷ്ടാതിഥികളുടേയും, സർവ്വകലാശാലയുടേയും, സിൻഡിക്കേറ്റ് അംഗങ്ങളുടേയും, പോലീസിൻറേയും വാഹനങ്ങൾ മാത്രമേ പ്രവേശിക്കുവാൻ അനുവദിക്കുകയുള്ളൂ.
4. സമ്മേളനം അവസാനിച്ച് വിശിഷ്ടാതിഥികൾ വേദി വിട്ട് പോയതിന് ശേഷം മാത്രമേ സദസ്സിലുള്ളവർ പുറത്ത് പോകുവാൻ പാടുള്ളൂ.
5. ബഹുമാന്യരായ ഗവർണറും, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും മറ്റ് വിശിഷ്ടാതിഥികളും വേദിയിൽ പ്രവേശിക്കുമ്പോഴും തിരികെ മടങ്ങുമ്പോഴും, ദേശീയഗാനം ആലപിക്കുമ്പോഴും എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
6. സമ്മേളന പന്തലിൽ മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ, സൈലൻറ് മോഡിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.
7. ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കേണ്ടതാണ്.
8. സർവ്വകലാശാല ജീവനക്കാരുടെ വാഹനങ്ങൾ അന്നേ ദിവസം സർവ്വകലാശാല സ്റ്റേഡിയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.
9. ചടങ്ങിന് എത്തുന്നവർക്ക് സ്റ്റേഡിയത്തിൽ നിന്നും പരീക്ഷാ വിഭാഗത്തിൻറെ പിൻവശത്തുള്ള ഗേറ്റിലൂടെ സർവ്വകലാശാല അംബ്ലിഹാളിലേയ്ക്ക് എത്താവുന്നതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ
2. വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/ അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ അക്കാദമികവിഭാഗം/ ധനകാര്യവിഭാഗം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ റെക്കോർഡ്സ് സെക്ഷൻ/ ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. യൂണിവേഴ്സിറ്റി
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ/ നോട്ടീസ് ബോർഡ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Aug-2019 12:58 PM - Page 2